ഭക്ഷ്യസാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ

53 (5731) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) അരി, പയർ ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യാൻ കേന്ദ്രം അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിലവർദ്ധന നിയന്ത്രിക്കാൻ ആ വഴിക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സപ്ലൈകോവഴി സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്ന പയർ കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുന്നതാണോ ; എങ്കിൽ അതിനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ടൺ നൽകിയെന്നും അതിന് ഈടാക്കിയ നിരക്ക് എത്രയാണെന്നും വെളിപ്പെടുത്തുമോ ; ഈ വർഷം എത്ര ടൺ പയർ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട് ;

(സി) സംസ്ഥാന സർക്കാർ സബ്സിഡി നൽകി പയർ വില കുറച്ച് നൽകുന്നുണ്ടോ ; എങ്കിൽ കിലോഗ്രാമിന് നൽകുന്ന സബ്സിഡിയും പയറിന്റെ വിൽപ്പനവിലയും എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അരി, ചെറുപയർ ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യുവാൻ സപ്ലൈകോ കേന്ദ്ര സർക്കാരിന്റെ അനുമതി തേടുകയോ ആയത് കേന്ദ്ര സർക്കാർ നൽകുകയോ ചെയ്തിട്ടില്ല. ഇറക്കുമതി ചെയ്ത ചെറുപയർ, കടല എന്നിവ ഇന്ത്യാ ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന മുറക്ക് ഗുണമേന്മ ഉറപ്പാക്കി സപ്ലൈകോ വിൽപ്പനശാലകളിൽ കൂടി വിറ്റു വരുന്നു. പൊതുവിപണിയിലെ ഏറ്റവും കുറഞ്ഞ വിലയ്ക്കാണ് ഇവ വിൽപ്പന നടത്തുന്നത്.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പി.ഇ.സി. ലിമിറ്റഡിൽ നിന്ന് ലഭിച്ച ചെറുപയറും പൊതു വിപണിയിൽ നിന്ന് ടെണ്ടർ മുഖേന വാങ്ങിയ പയറും സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിയിട്ടുണ്ട്. മെയ് 2010 മുതൽ പി.ഇ.സി. ലിമിറ്റഡിൽ നിന്നും ലഭിച്ച പയർ കിലോഗ്രാമിന് 28 രൂപ നിരക്കിലും പൊതുവിപണിയിൽ നിന്ന് ലഭിച്ച പയർ ഓരോ മാസത്തേയും വാങ്ങിയ വില കണക്കിലെടുത്ത് തീരുമാനിക്കുന്ന വിലയ്ക്കുമാണ് സ്പപ്ലൈകോ വിറ്റുവരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏകദേശം 7000 ടൺ ചെറുപയർ ശരാശരി 37,625 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ഈ വർഷത്തിൽ ഇതുവരെ ഏകദേശം 1991 ടൺ ചെറുപയർ ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ സബ്സിഡി നൽകിയാണ് പയർ വിലകുറച്ച് വിറ്റുവരുന്നത്. പൊതുവിപണിയിൽ ശരാശരി 80 രൂപ ചില്ലറ വിലയുള്ള ചെറുപയർ കിലോഗ്രാമിന് 28 രൂപയ്ക്കാണ് സപ്ലൈകോ വിൽപ്പന നടത്തുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ നിന്നും സബ്സിഡി കിഴിച്ച് ഇത് 63.07 രൂപയ്ക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

(ജൂലൈ 2010) ചെന്നൈ തുറമുഖത്തുനിന്നും സപ്ലൈകോ സ്വീകരിക്കുന്നത്. (മറ്റു ചെലവുകൾ പുറമേ) സർക്കാരിൽ നിന്നും ഓരോ ഇനം സാധനത്തിനും പ്രത്യേക സബ്സിഡി അനുവദിക്കാറില്ല. ആയതിനാൽ ചെറുപയറിന് മാത്രമായി,ഒരു കിലോഗ്രാമിന് നൽകുന്ന സബ്സിഡിയുടെ കണക്ക് ലഭ്യമല്ല.

കച്ചവടസ്ഥാപനങ്ങളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി

54 (5732) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കച്ചവടസ്ഥാപനങ്ങളിൽ വിലവിവരപ്പട്ടികയും സ്റ്റോക്ക് വിവരവും പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടിയെടുക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) വിലവിവരവും സ്റ്റോക്കും പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ ;

(ഡി) സാധനങ്ങൾക്ക് അന്യായമായ വില ഈടാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കച്ചവടസ്ഥാപനങ്ങളിൽ വിലവിവരപ്പട്ടികയും സ്റ്റോക്ക് പരിധിയും പ്രദശിപ്പിക്കണമെന്നുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ 1977-ലെ Kerala Essential Commodities (Maintenance of Accounts of Display of Price & Stock) ഓർഡർ പ്രകാരം നടപടി എടുത്തു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലവിവരപ്പട്ടികയും സ്റ്റോക്കും പ്രദർശിപ്പിക്കാത്ത 4190 പേർക്കെതിരെ നടപടി എടുത്തിട്ടുണ്ട്.

(സി) വിലവിവരവും സ്റ്റോക്കും പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് ഫീൽഡ് ഓഫീസർമാർ പരിശോധിക്കുന്നുണ്ട്. പരിശോധന ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജില്ലകൾ തോറും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രൈസ് മോണിറ്ററിംഗ് സെല്ലും പ്രവർത്തിച്ചു വരുന്നു

LIBRARY ARCHIVES Kerala Legislative Assembly